(സി) പ്രസ്തുത നിവേദനത്തിൻമേൽ എന്തെല്ലാം നടപടികളാണ് കൈക്കൊണ്ടത്; ഇദ്ദേഹത്തിന് സംരക്ഷണം നൽകുവാൻ നടപടി എടുക്കുമോ?

ഉത്തരം

(എ),(ബി)&(സി) ഇതു സംബന്ധിച്ച ഒരു നിവേദനം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അതു പരിശോധനയിലാണ്. ഇക്കാരണത്താൽ ശ്രീ. സോമശേഖരൻ നായർ അവധിയിൽ പ്രവേശിച്ചതായി അറിവില്ല.

71 (1431) സെക്രട്ടേറിയറ്റ് സ്റ്റാഫ് കോ-ഓപ്പറേറ്റീവ് സൊസൈറ്റിക്ക് കെട്ടിടം അനുവദിച്ച നടപടി

ശ്രീ. ബി. വിജയകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗവൺമെന്റ് സെക്രട്ടേറിയറ്റ് സ്റ്റാഫ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി ലിമിറ്റഡ് നമ്പർ 2620-ന് സെക്രട്ടേറിയറ്റ് മെയിൻ കാമ്പസിൽ ഇൻഡ്യൻ കോഫിഹൗസ് പ്രവർത്തിക്കുന്ന കെട്ടിടത്തിന്റെ താഴത്തെ നില അനുവദിച്ചുകൊണ്ട് സർക്കാർ ഉത്തരവ് പുറപ്പെടുവിക്കുകയുണ്ടായോ; എങ്കിൽ പ്രസ്തുത ഉത്തരവിന്റെ പകർപ്പ് മേശപ്പുറത്ത് വയ്ക്കുമോ;

(ബി) പ്രസ്തുത സഹകരണസംഘത്തിന്റെ എന്തെല്ലാം പ്രവർത്തന ആവശ്യങ്ങൾക്ക് വേണ്ടിയാണ് പ്രസ്തുത സ്ഥലം അനുവദിച്ചത്; ഈ സ്ഥലം അനുവദിച്ചു കിട്ടുന്നതിന് എന്നാണ് അപേക്ഷ നൽകിയത്;

(സി) പ്രസ്തുത സ്ഥലം അനുവദിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് സെക്രട്ടേറിയറ്റിൽ പ്രവർത്തിക്കുന്ന മറ്റേതെങ്കിലും സ്ഥാപനം അപേക്ഷ നൽകിയിരുന്നുവോ; എങ്കിൽ എന്നാണ് അപേക്ഷ നൽകിയിരുന്നത്; പ്രസ്തുത അപേക്ഷ പരിഗണിച്ചുവോ; ഇല്ലെങ്കിൽ കാരണം എന്താണ്?

ഉത്തരം

(എ) ഉത്തരവ് പുറപ്പെടുവിച്ചു. പകർപ്പ് അനുബന്ധമായി ചേർത്തിരിക്കുന്നു.†

(ബി) സ്ഥലം ഉപയോഗിക്കുന്നതു സംബന്ധിച്ച് വ്യവസ്ഥയൊന്നും നിഷ്കർഷിച്ചിട്ടില്ല. 6.7.98 ലെ അപേക്ഷ 24.7.98 ൽ സർക്കാരിന് ലഭിച്ചു.

(സി) ഇല്ല.

72 (1432) സെക്രട്ടേറിയറ്റ് ജീവനക്കാർക്കെതിരെ സ്വീകരിച്ച നടപടി

ശ്രീ. എളമരം കരീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

---

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly